# പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

**(ഹാജർ : ശ്രീ. പി.യു. മുരളീധരൻ)**

വിഷയം : പി.വി.വി.വ - എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (2016-17) - ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.10.2016 ലെ **BCDD/A1/2398/2016** നമ്പർ വിജ്ഞാപനം

2) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.12.2016 ലെ **BCDD/A1/2398/2016** നമ്പർ നടപടി ഉത്തരവ്

3) പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ വച്ച് 04.03.2017 ൽ നടന്ന യോഗതീരുമാനം

4) കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 20.03.2017 ലെ **DDKKD/A2/1227/2016** നമ്പർ കത്ത്

====================================================================

**DDEKM/A1/418/2016** തീയതി 20.03.2017

====================================================================

**പി**ന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് പരാമർശം 1 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത അപേക്ഷകരിൽ നിന്നും പരാമർശം 2 പ്രകാരം കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുകയും, അപേക്ഷയും അനുബന്ധരേഖകളും ബന്ധപ്പെട്ട മേഖലാ ആഫീസുകളിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ അന്തിമ ഗുണഭോക്തൃപട്ടിക തയ്യാറാക്കി ആനുകൂല്യം വിതരണം ചെയ്യുന്നതിന് പരാമർശം 2 പ്രകാരം എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

നിശ്ചിത തീയതിക്കകം കോഴിക്കോട് മേഖലാ ആഫീസിൽ ലഭ്യമായ അപേക്ഷകളും അനുബന്ധരേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് അർഹരായവരുടെ പട്ടിക കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 4 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം മേഖലയിലെ അപേക്ഷകളുടെ പരിശോധനയും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയിൽ 5,45,04,000 രൂപ 2016-17 ലെ അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനായി ലഭ്യമാണെന്നും പ്രസ്തുത തുകയ്ക്കുള്ള ഗുണഭോക്തൃനിർണയം നടത്തണമെന്നും പരാമർശം 3 പ്രകാരം നടന്ന യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ ടി യോഗത്തിലെ തീരുമാനങ്ങൾക്കും, പദ്ധതിയുടെ വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഉയർന്ന മാർക്ക്, താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ/എഞ്ചിനീയറിങ്, ബാങ്കിങ് സർവ്വീസ്, സിവിൽ സർവ്വീസ്, പി.എസ്.സി/മറ്റുള്ളവ എന്നിങ്ങനെ 4 വിഭാഗങ്ങളിലായി അർഹരായവരുടെ അന്തിമ ഗുണഭോക്തൃപട്ടിക തയ്യാറാക്കി അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ സ്കീമിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.

(മറുപുറം)

അന്തിമ പട്ടികയിൽ ഉൾപ്പെട്ട കോഴിക്കോട് മേഖലയിലെ ഗുണഭോക്താക്കൾക്ക്, അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അനുവദിക്കപ്പെട്ട തുക ട്രാൻസ്ഫർ ചെയ്യുന്നതിനായി ബാങ്കിൽ സമർപ്പിക്കേണ്ടുന്ന നിശ്ചിത മാതൃകയിലുള്ള സ്റ്റേറ്റ്മെന്റ് ടി ആഫീസിൽ തയ്യാറാക്കേണ്ടതും, കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനായി എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറേണ്ടതുമാണ്.

(ഒപ്പ്/-)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

ഗുണഭോക്താക്കൾക്ക്

പകർപ്പ് :

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് - തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - കോഴിക്കോട്
ഐ.ടി. ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം

*പിവിഎസ് 20/03/17*

**DDEKM/A1/418/2016** തീയതി 20.03.2017

# <u>അനുബന്ധം</u>

| പരിശീലന പദ്ധതി/സ്കീം | തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണം | ആകെ തുക |
|---|---|---|
| മെഡിക്കൽ/എഞ്ചിനീയറിങ് | 1577 | 47139634 |
| ബാങ്കിങ് സർവ്വീസ് | 361 | 6003000 |
| സിവിൽ സർവ്വീസ് | 3 | 150000 |
| പി.എസ്.സ് /മറ്റുള്ളവ (SSLC & HSE) | 118 | 582000 |
| പി.എസ്.സ് /മറ്റുള്ളവ (Degree) | 128 | 624400 |
| ആകെ | 2187 | 5,45,04,000 |

(ഒപ്പ്/-)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ